പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമുകളിൽ നിന്ന് 2009-10 ജലവർഷം 10.217 Tmcft ജലവും നൽകിയിട്ടുണ്ട്.

ജലം തമിഴ്നാടിന് നൽകുന്നത് വാണിജ്യാടിസ്ഥാനത്തിലല്ലാത്തതിനാൽ വില കണക്കാക്കിയിട്ടില്ല.

(സി) മുല്ലപ്പെരിയാർ ഡാമിൽനിന്നും കൊണ്ടുപോകുന്ന ജലം ഉപയോഗിച്ച് തമിഴ്നാട് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോതനുസരിച്ച് 2009-10-ൽ 2,57,789 രൂപ റോയൽറ്റി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ശിരുവാണി ഡാം, അനുബന്ധകെട്ടിടങ്ങൾ, റോഡ് എന്നിവയുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്കാവശ്യമായ മുഴുവൻ തുകയും തമിഴ്നാട് നൽകുന്നുണ്ട്.

കമ്മീഷൻ ചെയ്ത ജല വിതരണ പദ്ധതികൾ

89 (686) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജലവിതരണ പദ്ധതികളാണ് കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തീകരിക്കാത്ത ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 67 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 222 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം1) * ചേർക്കുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി 'ജിക്ക' യുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റിൽ ഉൾപ്പെട്ട 5 പദ്ധതികളിൽ തിരുവനന്തപുരം നഗര മേഖലയിലെ ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് 18-5-2010-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. ഇതു കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭാഗീകമായി കമ്മീഷൻ ചെയ്ത പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

1. 'ജിക്ക' സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതി.

2. ബാങ്ക് സഹായത്തോടുകൂടി തൃപ്പൂണിത്തുറയ്ക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി.

3. ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെട്ട വോർക്കാടിക്കും സമീപ വില്ലേജുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി, ഫേസ് ഒന്നും രണ്ടും.

4. നബാർഡ് (സ്പാനിൽ)പ്പെട്ട ഇരിമ്പിലിയം-വളാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി.

(സി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ പട്ടിക അനുബന്ധമായി (അനുബന്ധം2) ചേർത്തിട്ടുണ്ട്.*

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ്. ജിക്ക പദ്ധതി - 4.

1. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

3. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

4. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി. ജെ. എൻ. എൻ. യു. ആർ. എം. പദ്ധതികൾ-2.2009-ൽ അംഗീകാരം ലഭിച്ചു. ഐ. ഡി. എസ്. എസ്.എം. ഡി. പദ്ധതികൾ.

(ഡി) പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പ്രവർത്തികൾ ത്വരിതപ്പെടുത്തിവരുന്നു.

കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ

90 (687) ശ്രീ. കെ. രാജു :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൻകീഴിൽ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly